F.Y.
March 2017

Reg. No. ....................................

Name ..........................................

637

## Part - III

## മലയാളം (MALAYALAM)

## (OPTIONAL)

Maximum : 80 Scores

Time : **2½** Hours
Cool off time : **15** Minutes

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1. ഒറ്റ വാക്കിൽ ഉത്തരമെഴുതുക.** **(2 × 1 = 2)**

a) താമരത്തീനികളായ നാട്ടുകാരെക്കുറിച്ചുള്ള പരാമർശം വരുന്ന ഇതിഹാസ കൃതിയേത്?

b) 'എനിക്കു പാകമാ' – കുഞ്ഞിക്കാവമ്മ ഇങ്ങനെ പറയുന്നത് എന്തിനെക്കുറിച്ചാണ്?

**2. ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരമെടുത്ത് എഴുതുക.** **(4 × 1 = 4)**

a) ശ്വാസത്തെ വെളിയിലേക്ക് വിടുന്നതിന്റെ മാതിരിഭേദം ഏത്?

(ആഭ്യന്തരപ്രയത്നം, ബാഹ്യപ്രയത്നം, സംസർഗ്ഗം, സ്ഥാനഭേദം)

b) താഴെപ്പറയുന്നവയിൽ കാല്പനിക കവിതാ വിഭാഗത്തിൽ പെടുന്നതേത്?

(മേസ്തിരി, മുഖമെവിടെ, പാവം മാനവഹൃദയം, മത്സ്യം)

c) 'ചക്രപ്പാട്ട്' ഏതു വിധത്തിലുള്ള സമൂഹത്തിന്റെ കലാവിഷ്കാരമാണ്?

(കാർഷിക സമൂഹം, പാശ്ചാത്യ സമൂഹം, നാഗരിക സമൂഹം, മുതലാളിത്ത സമൂഹം)

d) കബന്ധം എന്ന വാക്കിന്റെ അർത്ഥമെന്ത്?

(ശിരസ്സ്, ശിരസ്സറ്റു പോയ ശരീരം, രൂപം, ബന്ധമില്ലാത്തത്)

**3. ചേരുംപടി ചേർക്കുക.** **(4 × 1 = 4)**

| | |
|---|---|
| a) വരമൊഴി | നാടൻ കല |
| b) മേസ്തിരി | വൈജ്ഞാനിക സാഹിത്യം |
| c) ഉപന്യാസം | ഉത്തരാധുനിക കവിത |
| d) മാർഗം കളി | മാനക ഭാഷ |

**4. വിട്ടഭാഗം പൂരിപ്പിക്കുക** **(3 × 1 = 3)**

a) 'ബിംബിസാരന്റെ ഇടയനിൽ മുനേ എന്നും മഹർഷേ എന്നും അഭിസംബോധന ചെയ്യപ്പെടുന്നയാൾ .................. ആണ്.

b) വാമൊഴി വരമൊഴി ദ്വന്ദ്വത്തെ കലരാതെ നിർത്തുന്നത് ................ ആണ്.

c) സി.എൻ. ശ്രീകണ്ഠൻ നായർ രചിച്ച നാടകങ്ങളിൽ അവസാനത്തേത് .............. ആണ്.

**5. പ്രസ്താവന ശരിയോ തെറ്റോ?** **(2 × 1 = 2)**

a) ഫോട്ടോ എന്ന കഥയിലുടനീളം ബാലമനസ്സിന്റെ നിഷ്കപട ഭാവം നിറഞ്ഞു നില്പുണ്ട്.

b) 'ചവിട്ടു കളി' ഒരു ശാസ്ത്രീയ കലാരൂപമാണ്.

**രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **(5 × 3 = 15)**

**6.** താനൊറ്റപ്പെടുന്നുവെന്ന ചിന്ത തകഴിയിൽ രൂപപ്പെടാനിടയായ സാമൂഹ്യ സാഹചര്യമെന്ത്?

**7.** കുഞ്ചുവമ്മാവന്റെ ജീവിതസായാഹ്നം പ്രകാശമാനമായിരുന്നവെന്ന് പറയുന്നതെന്തുകൊണ്ട്?

**8.** 'കോഴിപ്പങ്ക്' എന്ന കവിതയുടെ സാമൂഹ്യ വിമർശനതലമെന്താണ്?

**9.** മകളുടെ ബാല്യത്തെക്കുറിച്ചുള്ള എന്തൊക്കെ ഓർമ്മകളാണ് 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയിൽ സൂചിപ്പിക്കപ്പെടുന്നത്?

**10.** നാട്ടറിവിനെക്കുറിച്ച് നിലനിന്നുപോരുന്ന ധാരണപ്പിശകുകൾ എന്തൊക്കെയാണ്?

**നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **(2 × 4 = 8)**

**11.** ''കണ്ണു നിറച്ച് ഞാനങ്ങനെ ഒഴുക്കു നിലച്ചവനെപ്പോലെ നിന്നു'' – യു.എ.ഖാദർ ഇങ്ങനെ വിവരിക്കുന്ന സന്ദർഭമേത്?

**12.** തമിഴിൽ വ്യഞ്ജനത്തിന് 'മെയ്' എന്നും സ്വരത്തിന് 'ഉയിർ' എന്നും പേരു വന്നതിനുള്ള കാരണം വ്യക്തമാക്കുക.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(4 × 5 = 20)**

**13.** രമ്യോപന്യാസത്തിനുണ്ടാകേണ്ട ഗുണവിശേഷങ്ങളെന്തൊക്കെയാണ്?

**14.** മുകുന്ദന്റെ കഥ നമ്മുടെ കാലഘട്ടത്തിന്റെ ഫോട്ടോയാണെന്ന കെ.പി. അപ്പന്റെ അഭിപ്രായം വിശകലനം ചെയ്യുക.

15. വ്യക്തിത്വ ലോപം എന്ന ആശയം മുഖമെവിടെ എന്ന കവിതയിൽ നാടകീയമായി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

16. പ്രതിനായകന്മാരാണ് കഥകളിയിലെ ആദ്യാവസാനവേഷങ്ങൾ എന്ന് കെ.സി. നാരായണൻ പറയുന്നതെന്തുകൊണ്ട്?

**ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

17. ഇടയന്റെ ചിന്തകളിലൂടെ ജീവിതത്തെക്കുറിച്ചുള്ള മഹത്തരങ്ങളായ ആശയങ്ങൾ ആവിഷ്കരിക്കുന്ന കവിതയാണ് 'ബിംബിസാരന്റെ ഇടയൻ'. വിശദീകരിക്കുക. **(7)**

**അല്ലെങ്കിൽ**

പ്രതീക്ഷകളെ പിന്തുടരുന്ന മനുഷ്യ മനസ്സിന്റെ നിഷ്കളങ്കത ആവിഷ്കരിക്കുന്ന കവിതയെന്ന നിലയ്ക്ക് പാവം മാനവഹൃദയത്തിന് ഒരാസ്വാദനം തയാറാക്കുക.

18. മരണത്തെ ശക്തമായ പ്രതീകങ്ങളിലൂടെ ചിത്രീകരിക്കുന്നതിൽ 'പക്ഷിയുടെ മണം' എത്രത്തോളം വിജയിച്ചിട്ടുണ്ട് – വിശദീകരിക്കുക. **(7)**

**അല്ലെങ്കിൽ**

വർത്തമാനകാല സമൂഹത്തിന്റെ വീഴ്ചകളെയും പൊള്ളത്തരങ്ങളെയും തുറന്നു കാട്ടുന്ന കഥയാണ് 'അമേരിക്ക' – വിലയിരുത്തുക.

19. കാലം ഒരു ദേശത്തിന്റെ ജീവിത വ്യവസ്ഥയിൽ വരച്ചു ചേർക്കുന്ന മാറ്റങ്ങൾ പറിച്ചു നടീൽ എന്ന പാഠഭാഗത്ത് വിവരിച്ചിരിക്കുന്നതെങ്ങനെയാണ്? **(8)**

**അല്ലെങ്കിൽ**

ഹ്രസ്വ സ്മൃതിയുടെയും ചിരസ്മൃതിയുടെയും സവിശേഷതകൾ വിശദീകരിച്ച് ഒരു ഉപന്യാസം തയാറാക്കുക.